Official Monthly Bulletin June 2026

# MARIAN




## ST. MARY'S INDIAN ORTHODOX CATHEDRAL

P.O. Box 834, Manama, Kingdom of Bahrain, Tel : 17252980
Email : info@stmarybahrain.com, Web : www.stmarybahrain.com/smiocbh

# ഇടയ സന്ദേശം



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹവന്ദനം. നാം കടന്നു പോകുന്ന ഈ മാസങ്ങൾ നമ്മുടെകർത്താവായ യേശുക്രിസ്തുവിന്റെ രക്ഷാകര സംഭവങ്ങളുമായി നമ്മെ ബന്ധിപ്പിക്കുന്ന ആഴമേറിയ ഒരു ആത്മിയ പാലമാണ്. ഈ മാസങ്ങൾ നമ്മെ നാഥന്റെ മഹത്വപൂർണ്ണമായ കഷ്ഠാനുഭവത്തിലൂടെ നയിച്ച്, അവന്റെ ഉയർപ്പിന്റെ രഹസ്യത്തിൽ നിന്ന് മരണത്തിന്മേലുള്ള അവിടുത്തെ വിജയത്തിന്റെ നാൽപ്പതാം ദിവസത്തിൽ ആചരിക്കപ്പെടുന്ന വി. സ്വർഗ്ഗാരോഹണ പെരുന്നാളിലേക്കാണ് ഈ യാത്ര നമ്മെ എത്തിക്കുന്നത്. സ്വർഗ്ഗാരോഹണത്തിനുശേഷം സഭ, കർത്താവ് വാഗ്ദാനം ചെയ്ത ആശ്വാസദായകനായ പരിശുദ്ധാത്മാവിന്റെ വരവിനായി ശ്രദ്ധയോടും, പ്രാർത്ഥനയോടും കൂടി കാത്തിരിപ്പിലേക്ക് പ്രവേശിക്കുന്നു. ഈ പ്രതീക്ഷ പത്താം ദിവസം പൂർത്തിയാകുന്നു. അന്ന് പരിശുദ്ധാതാവ് അപ്പോസ്തോലന്മാരുടെ മേൽ ഇറങ്ങി ആവസിച്ചു. ഈ മഹത്തരമായ സംഭവം പരിശുദ്ധ പെന്തക്കോസ്തി പെരുന്നാളായി സന്തോഷ പൂർവ്വം ആചരിക്കപ്പെടുന്നു.

ഈ കാലഘട്ടത്തിൽ നിന്ന് നമുക്ക് പഠിക്കാവുന്ന ചില ആത്മീക പാഠങ്ങളുണ്ട് ഒന്നാമതായി സ്ഥിരോത്സാഹം, അനുസരണം, ക്ഷമ തുടങ്ങിയ സദ്ഗുണങ്ങളാണ്. പ്രിയ ശിഷ്യന്മാർ സ്ഥിരോത്സാഹികളായിരുന്നു. ലോക ചിന്തകളിലേക്ക് ഇടറിപ്പോയിട്ടുണ്ടെങ്കിലും അവർ കർത്താവിന്റെ കല്പനകൾ അനുസരിക്കുവാൻ തീരുമാനിക്കുകയും മാളിക മുറിയിൽ, ഉപവാസത്തിലും പ്രാർത്ഥനയിലും കാത്തിരിക്കുകയും ചെയ്തു. അതിലൂടെ അവർ മഹത്തായ അനുസരണത്തിന്റെ ഉദാത്തമായ മാതൃകയാണ് നമുക്ക് കാട്ടിത്തന്നത്.

രണ്ടാമതായി ശിഷ്യന്മാരുടെ വ്യക്തിത്വത്തിൽ സംഭവിച്ച അത്ഭുതകരമായ രൂപാന്തരം നമുക്കു കാണുവാൻ സാധിക്കുന്നു. മീൻ പിടുത്തക്കാരും സാധാരണക്കാരും ആയിരുന്നവർ ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെട്ടു. പെന്തക്കോസ്തി ദിവസം ഏകദേശം മൂവായിരം പേരെ മാനസാന്തരത്തിലേക്ക് നയിച്ചു കൊണ്ട് ദൈവവചനം ശക്തമായി പ്രസംഗിക്കുകയും സഭയുടെ പ്രധാന തൂണുകളായി മാറ്റപ്പെടുകയും ചെയ്തു.

ഇനിയും മുന്നോട്ടു പ്രയാണം ചെയ്യുമ്പോൾ ജൂൺ മാസം സഭയുടെ അഞ്ചു കാനോനിക നോമ്പുകളിൽ ഒന്നായ ശ്ലീഹാ നോമ്പിലേക്കാണ് നാം നയിക്കപ്പെടുന്നത്. പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശേഷം അപ്പോസ്തോലന്മാർ ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ധീരരക്തസാക്ഷികളായി മാറി. അവർ വിവിധ ദേശങ്ങളിലൂടെ സഞ്ചരിക്കുകയും ജീവിപ്പിക്കുന്ന സുവിശേഷം പ്രസംഗിക്കുകയും വിശ്വാസികളെ സ്നാനപെടുത്തുകയും സഭ സ്ഥാപിക്കുകയും അനേകം ആത്മാക്കളെ രക്ഷാവഴിയിലേക്ക് നയിക്കുകയുംചെയ്തു.

ഹൂത്തോമോക്കു ശേഷം ആലപിക്കുന്ന ഒരു ഗാനം ക്രിസ്തുവിനെ കണ്ടുമുട്ടുന്ന ഒരാളുടെ ജീവിതത്തിൽ സംഭവിക്കാവുന്ന രൂപാന്തരത്തെ വിവരിക്കുന്നു ആ ഗാനം സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും സ്രഷ്ടാവും, സുവിശേഷം പ്രസംഗിപ്പാൻ ദരിദ്രരായ ശിഷ്യരെ അയച്ചവനുമായ പുത്രനെ സ്തുതിക്കുന്നു .കടലിന്റെ തിരമാലകൾക്കിടയിൽ നിന്ന് പത്രോസിനേയും ദമസ്കോസിലേക്കുള്ള വഴിയിൽ നിന്ന് പൗലോസിനേയും തിരഞ്ഞെടുത്ത് സഭയുടെ ശില്പികളാക്കിയതിനേയും അവരെ ജാതികളുടെ ഇടയിൽ സുവിശേഷ ജ്വാല പകരുവാനുള്ള ഉപകരണങ്ങളാക്കി മാറ്റിയതിനേയും, ഇതിലൂടെ നമ്മുടെ സ്രഷ്ടാവിന്റെ കരുണയും ദയയും പ്രകടമാക്കി. മാനസാന്തരം ഒരാളുടെ ജീവിതത്തെ സമ്പൂർണ്ണ മായി മാറ്റി എന്നതും സ്പഷ്ടമാണ്..

ഈ അനുഗ്രഹീത കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നാമും പുതുതാക്കപ്പെടുവാനും വിശ്വാസത്തിൽ ശക്തിപ്പെടുവാനും അപ്പോസ്തോലന്മാരേപ്പോലെ പ്രചോദിതരായി കർത്തൃസാക്ഷികളാകുവാനും വരുന്ന തലമുറക്ക് ക്രിസ്തുവിന്റെ പ്രകാശം പങ്കുവെക്കുവാനും സഭാജീവിതത്തിന്റെ ആഴമായ ബന്ധത്തിന്റെ സഹയാത്രികരാകുവാനും ഇടയാവട്ടെ!

എല്ലാവർക്കും സ്നേഹാശംസകൾ പ്രാർത്ഥനയോടെ,

ഫാ.തോമസ്കുട്ടി പി.എൻ
(വികാരി)

MESSAGE FROM

# Hon. Trustee & Hon. Secretary

കർത്താവിൽ പ്രിയരെ,

ദൈവകൃപയാൽ മറ്റൊരു പുതിയ മാസത്തിലേക്ക് നമ്മെ നടത്തിച്ച ദൈവത്തിന് സകല മഹത്വവും അർപ്പിക്കാം. ഓരോ ദിവസവും ദൈവത്തിന്റെ കരുതലും സ്നേഹവും അനുഭവിച്ചുകൊണ്ട് മുന്നോട്ട് പോകുവാൻ സാധിക്കുന്നത് വലിയ അനുഗ്രഹമാണ്. കഴിഞ്ഞ ദിവസങ്ങളിലെ എല്ലാ അനുഗ്രഹ ങ്ങൾക്കും കരുതലുകൾക്കും ദൈവത്തോട് നന്ദി അർപ്പിക്കാം.

ഈ പുതിയ മാസം നമ്മുടെ ജീവിതങ്ങളിൽ ആത്മീയ ഉണർവും സന്തോഷവും സമാധാനവും പ്രത്യാശയും നിറഞ്ഞതാകട്ടെ. ദൈവസന്നിധിയിൽ കൂടുതൽ അടുക്കുവാനും വിശ്വാസത്തിൽ വളരുവാനും ഈ മാസം നമ്മെ സഹായിക്കട്ടെ.

നമ്മുടെ ഇടവകയിലെ എല്ലാ ആത്മീയ പ്രവർത്തനങ്ങൾക്കും നിങ്ങൾ നൽകുന്ന ആത്മാർത്ഥമായ സഹകരണത്തിനും പിന്തുണയ്ക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഇടവകയുടെ എല്ലാ ശുശ്രൂഷകളും സംഘടനാപ്രവർത്തനങ്ങളും വിശ്വാസികളുടെ ഐക്യവും സമർപ്പണവും കൊണ്ട് അനുഗ്രഹീതമായി മുന്നോട്ടുപോകുന്നതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികൾക്കും യുവജനങ്ങൾക്കും കുടുംബങ്ങൾക്കും ഈ മാസം അനുഗ്രഹത്തിന്റെയും നേട്ടങ്ങളുടെയും ആത്മീയ വളർച്ചയുടെയും മാസമായി മാറട്ടെ.

രോഗികളായവർക്കും ബുദ്ധിമുട്ടുകളും വിഷമതകളും അനുഭവിക്കുന്നവർക്കും ദൈവം ശക്തിയും ആശ്വാസവും സമാധാനവും നൽകട്ടെ. ജീവിതത്തിലെ വിവിധ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്ന ഏവർക്കും കർത്താവിന്റെ കരങ്ങൾ കരുത്തും പ്രത്യാശയും പകരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ മാസങ്ങളിൽ ഇടവകയിൽ നടന്ന എല്ലാ പ്രവർത്തനങ്ങളും ദൈവകൃപയാൽ അതീവ ഭംഗിയായും അനുഗ്രഹീതമായും നടത്തുവാൻ സാധിച്ചതിൽ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലം നമ്മുടെ ഇടവകയെ ആത്മാർത്ഥമായി ശുശ്രൂഷിച്ച ബഹുമാനപ്പെട്ട ജേക്കബ് തോമസ് അച്ചന് സ്നേഹപൂർവ്വമായ യാത്രയയപ്പ് നൽകുവാൻ സാധിച്ചതിലും സന്തോഷം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ശുശ്രൂഷകളും ആത്മീയ നേതൃത്വവും ഇടവക എപ്പോഴും സ്നേഹത്തോടെ ഓർക്കുന്നതായിരിക്കും.

അതുപോലെ പുതുതായി വികാരിയായി നിയമിതനായ തോമസ്കുട്ടി അച്ചന് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. പുതിയ ശുശ്രൂഷകൾ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നും ഇടവകയുടെ ആത്മീയ വളർച്ചയ്ക്കായി ദൈവം ശക്തിയേകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

കർത്താവിന്റെ സമാധാനവും അനുഗ്രഹവും കരുതലും എല്ലാവരോടും കൂടെയുണ്ടാകട്ടെ.

പ്രാർത്ഥനയോടെ...

സ്നേഹപൂർവ്വം,

ജോൺ കെ.പി.
(കത്തീഡ്രൽ ട്രസ്റ്റി)

കുരുവിള പാപ്പി (എബി)
(കത്തീഡ്രൽ സെക്രട്ടറി)

## HOLY QURBANA SCHEDULE JUNE 2026

| | | |
|---|---|---|
| Friday | 5, 12, 19, 26 | 6.30 AM |
| Saturday | 6, 13, 20 | 6.15 PM |
| Saturday | 27 | 5.30 PM |
| Wednesday | 3, 10, 17, 24 | 6.15 PM |
| Feast of St. Peter & St. Paul | 28 | 5:30 PM |
| Feast of 12 Apostles | 30 | 5.30 PM |
| Saphiro Family | Once in a month | |
| Sabro Fasting Prayer | 20 | 10 AM |
| Apostles lent | 16-29 | |

## SPIRITUAL ORGANIZATION'S MEETINGS & EVENTS

| Spiritual Organization | Meeting/Acitivity | Timing |
|---|---|---|
| Amoss | Thursday's | After evng. prayer |
| Cathedral Choir | Practice on Monday's | 7.45 PM - 9.30 PM |
| Divyabodhanam | Monday's & Tuesday's | 8.00 PM - 9.30 PM |
| Gavels Club | 2nd Friday<br>4th Friday | 5.00 PM - 6:00 PM<br>12:30 PM - 1:30 PM |
| MGOCSM | Friday's (except 4th Friday) | 12.30 PM - 1.30 PM |
| Martha Mariam Vanitha Samajam | Thursday's | 6.00 PM - 7.00 PM |
| Medical Auxiliary Forum | First Friday | After Holy Qurbana |
| St. Dionysius Orthodox Fellowship | 1st & 3rd Wednesday | 8.30 PM - 10.00 PM |
| St. Joseph Orthodox Fellowship | Fourth Wednesday | After Holy Qurbana |
| St. Paul's Suvisesha Sangham | Sunday's | 7.40 PM - 9.00 PM |
| St. Thomas Orthodox Christian Youth Movement | Saturday's | 8.30 PM - 10.00 PM |
| Sunday School | Friday's | 10.30 AM - 12.30 PM |



# AREA PRAYER MEETING

| DATE & TIME | AREA | HOST & VENUE |
|---|---|---|
| 05/06/2026<br>6:00 PM | Sh. Hamad - Gufool | Mr. Joe M Varghese (Roll No: 2325)<br>Mobile: 34692251<br>*Venue:* Church Balcony |
| 05/06/2026<br>6:00 PM | Church Area South | **To be Announced** |
| 05/06/2026<br>7:30 PM | Manama | Mr. Sajimon (Roll No: 1643)<br>Mobile: 39868557<br>*Venue:* Theophilos Hall |
| 12/06/2026<br>6:00 PM | Gudaibiya - Hoora | Mr. Sujith Abraham (Roll No: 1114)<br>Mobile: 39144603<br>*Venue:* Church Balcony |
| 12/06/2026<br>6:00 PM | Salmabad - Budaiya | Mr. Anoop Mathew (Roll No: 2125)<br>Mobile: 37789898<br>*Venue:* Theophilos Hall |
| 12/06/2026<br>7:30 PM | Muharraq | Mr. Mathew Varghese (Roll No: 2886)<br>Mobile: 36924094<br>*Venue:* Church Balcony |
| 16/06/2026<br>8:00 PM | Church Area North | Mr. Saji Chacko (Roll No: 1990)<br>Mobile: 33123005<br>*Venue:* Church Balcony |
| 19/06/2026<br>5:00 PM | Isa Town - Tubli | Mr. Anil Abraham (Roll No: 1841)<br>Mobile: 33324217<br>*Venue:* Theophilos Hall |
| 19/06/2026<br>6:00 PM | Adiliya - Um Al Hassam | Mr. Joy P. Philipose (Roll No: 263)<br>Mobile: 39625501<br>*Venue:* Flat: 32, Bld: 184, Road: 3605, Block: 336, Adiliya |
| 19/06/2026<br>6:00 PM | Salmaniya | Mr. Santhosh Daniel (Roll No: 1403)<br>Mobile: 39935838<br>*Venue:* Theophilos Hall |
| 19/06/2026<br>7:30 PM | Segaya - Zinj | Mr. Babuji Varghese (Roll No: 832)<br>Mobile: 39130470<br>*Venue:* Theophilos Hall |
| 19/06/2026<br>7:30 PM | Khamis - Sehla | Mr. Junu Mathai (Roll No: 713)<br>Mobile: 39151085<br>*Venue:* Church Balcony |
| 26/06/2026<br>5:00 PM | Riffa - Sitra | Mr. Bobby Karottu (Roll No: 628)<br>Mobile: 39282199<br>*Venue:* Flat: 45, Bld: 1250, Road: 1123, Block: 911, Riffa |

# യാത്രയയപ്പ്...

കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിച്ച ഫാ. ജേക്കബ് തോമസ് കാരയ്ക്കൽ അച്ചന് സ്നേഹപൂർവ്വമായ യാത്രയയപ്പ് നൽകി.

യാത്രയയപ്പ് സമ്മേളനത്തിൽ അസിസ്റ്റന്റ് വികാരി റവ. ഫാ. തോമസ്കുട്ടി പി.എൻ. അധ്യക്ഷത വഹിച്ചു. ഇന്ത്യൻ അംബാസഡർ ശ്രീ. വിനോദ് കെ. ജേക്കബ്, KCEC പ്രസിഡന്റ് റവ. ഫാ. സ്ലീബ പോൾ വട്ടവേലിൽ കോർഎപ്പിസ്കോപ്പ, ശ്രീ. സോമൻ ബേബി, മുൻ സെക്രട്ടറിമാരായ ശ്രീ. ജേക്കബ് പി. മാത്യു, ശ്രീ. എം. എം. മാത്യു, ശ്രീ. ബിനു എം. ഈപ്പൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

മറുപടിപ്രസംഗത്തിൽ റവ. ഫാ. ജേക്കബ് തോമസ്, തന്റെ ശുശ്രൂഷാ കാലയളവിൽ ഇടവകാംഗങ്ങളിൽ നിന്നും ലഭിച്ച സ്നേഹത്തിനും സഹകരണത്തിനും പിന്തുണയ്ക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി. ചടങ്ങിൽ സഹധർമ്മിണി മെറിൻ പ്രീത ജേക്കബും കുടുംബാംഗങ്ങളും സന്നിഹിതരായിരുന്നു.

ഇടവക മുൻ ട്രസ്റ്റിമാരായ ശ്രീ. ജിസൺ ജോർജ്, ശ്രീ. സജി ജോർജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഇടവക ട്രസ്റ്റി ശ്രീ. കെ. പി. ജോൺ സ്വാഗതം ആശംസിക്കുകയും, ഇടവക സെക്രട്ടറി ശ്രീ. എബി കുരുവിള നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

റവ. ഫാ. ജേക്കബ് തോമസ് ആത്മാർത്ഥമായ ശുശ്രൂഷകൾക്കും കത്തീഡ്രലിന്റെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കായി നൽകിയ വിലപ്പെട്ട സംഭാവനകൾക്കും യോഗം പ്രത്യേകം നന്ദി രേഖപ്പെടുത്തി.



























ഇടവകയുടെ വികാരിയായി നിയമിതനായ
റവ. ഫാ. തോമസ്കുട്ടി പി.എൻ.-ന്
എല്ലാവിധ ആശംസകളും നേരുന്നു



OVBS & SUMMER FieSTA-ക്ക്
നേതൃത്വം നൽകുന്ന
റവ. ഫാ. ക്രിസ് സെബിക്ക്
ഇടവകയിലേക്ക് സ്വാഗതം






# SPARSHA - 2026

## Summer Fiesta

*A Touch that Reaches the Heart*

July 5th – July 31st, 2026 | 9.30 AM – 12:30 PM, Saturday to Thursday

St. Mary's Indian Orthodox Cathedral, Manama, Bahrain

AGE GROUP : 12 – 18 Years | REGISTRATION FEE : 25 BD

### ACTIVITIES

PRAYER & MEDITATION | MUSIC & ARTS
FUN GAMES & ACTIVITIES | ROBOTICS & AI WORKSHOPS
INDUSTRIAL VISITS | WATER THEME PARK & GARDEN VISITS
VIRTUAL REALITY & CROCHET WORKSHOPS
BE A CHESS MASTER | CAREER GUIDANCE &
PERSONALITY DEVELOPMENT SESSIONS | SELF DEFENSE
KARATE TRAINING, BE A CAKE BAKER & MUCH MORE...

**Learn Grow Explore Celebrate Together**

**GRAND FINALE**
with variety cultural Programmes
Limited to 50 participants only

Camp Director
**Rev. Fr. KRIS SEBI**

**For Registration & Details**
Mr. Sujit Joy - 36866863
Mr. Santhosh Daniel - 39935838

SCAN ME FOR ACTIVITIES & REGISTER

# INDIAN EMBASSY VISIT-19.05.2026

Managing Committee members visited the Embassy of India, Bahrain and Interacted with H.E. Ambassador Mr. Vinod K. Jacob







## Congratulations

*on being appointed as Executive Committee Members of Kerala Christian Ecumenical Council* **(KCEC)**

Kingdom of Bahrain - 2026-2027



Richi Mathew Joshua
General Secretary



Romy Vilayil Mathew
Committee Member



Diju John Mavelikara
Public Relations Officer

# FAREWELL



**Mr. Reji P. Mathew & Mrs. Thresiamma John** (Roll No: 970)



**Mr. Shaju John, Mrs. Rency Shaju & Miss. Manna Elsa** (Roll No: 2244)



**Master. Aaron M. Rejo S/o Mr. Rejo Thankachan & Mrs. Preethy** (Roll No: 1123)



**Master. Aamos M. Rejo S/o Mr. Rejo Thankachan & Mrs. Preethy** (Roll No: 1123)



**Mr. Bijo Varghese** (Roll No: 3030)



**Miss. Diya Ann Praveen D/o Mr. Praveen Cheriyan & Mrs. Darimol T.P.** (Roll No: 2453)



**Miss. Shreya Elizabeth Thomas D/o Mr. Jojan Modiyl Thomas & Mrs. Sherin Annie Mathews** (Roll No. 1902)



**Miss. Diya Ann Shaji D/o Mr. Shaji Varghese & Mrs. Rinu Shaji** (Roll No: 1678)



**Miss. Ashlyn Susan Aju**
**D/o Mr. Aju Mathai John & Mrs. Seena Aju**
(Roll No: 2416)

# NEW MEMBERS



| Jerry Stephen | Mob : 38007871 | Roll No : 3119 |
| --- | --- | --- |

Konnalathu Chakkalamannil, Koodal P.O.,
Pathanamthitta Dist, Kerala, Pin - 689693

Home Parish : St. George Orthodox Valiyapally

Diocese : Adoor Kadampanad

Prayer Group : Adiliya-Um Al Hassam




| Raymont Thomas Cheriyan | Mob : 39313179 | Roll No : 3120 |
| --- | --- | --- |

Edathompadickal, Mariappally P.O., Nattakom
Kottayam Dist., Kerala, Pin - 686013

Home Parish : St. Pauls Orthodox Church, Pallom

Diocese : Kottayam

Prayer Group : Gudaibiya-Hoora



| Shibu Mathew | Mob : 36919044 | Roll No : 3121 |
| --- | --- | --- |

Shaji Bhavan, Pattazhi P.O., Enathu,
Kollam Dist., Kerala, Pin - 691526

Home Parish : St. George Orthodox Syrian Church

Diocese : Kollam

Prayer Group : Riffa-Sitra


**EDITORIAL BOARD**

CHIEF EDITOR



Richi Mathew Joshua

EDITOR



Romy Vilayil Mathew

EDITOR



Aju K. Daniel



*In Loving* Memory of

"I am the resurrection and the life. Whoever believes in me, though he die, yet shall he live,and everyone who lives and believes in me shall never die."

John 11:25-26



**George Tharakan & Mariyamma George**

Edathundil - Manapurathu

Adoor, Pathanamthitta

Sujit Joy Tharakan & Suraj Joy Tharakan